കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വിദ്യ കൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

# 2020-2021, 2021-2022

കെ.എസ്.എ/കെ.റ്റി.യു 6/216/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല
ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.
തീയതി. 14.12.2022.
**Email: techuty.ksad@gmail.com**

**ജോയിന്റ് ഡയറക്ടർ,**

**രജിസ്ട്രാർ,**
ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി,
കൊല്ലം.

സർ,

വിഷയം : ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസറുടെ 20.10.2022 ലെ അക്കൗണ്ട്സ് II/2017 നമ്പർ കത്തും 2020-2021, 2021-2022 വർഷങ്ങളിലെ വാർഷിക കണക്കുകളും.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 13-ാംവകുപ്പ് പ്രകാരവും 2021 ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് 58-ാം വകുപ്പ് പ്രകാരവും പുറപ്പെടുവിക്കുന്ന ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ച് ആയതു സംബന്ധിച്ച മറുപടി ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. (1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23 (1)-ാം നമ്പർ ചട്ടം കാണുക.)

വിശ്വസ്തതയോടെ,

**ജോയിന്റ് ഡയറക്ടർ.**

പകർപ്പ്,

1) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) ഡയറക്ടർ, കേരള സ്ഥാന ഓഡിറ്റ് വകുപ്പ് (ആമുഖകത്ത് സഹിതം)
3) പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് ), തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
4) കാര്യാലയ പകർപ്പ്.

നമ്പർ. കെ.എസ്.എ/കെ.റ്റി.യു.6/216/2022 തീയതി - 14.12.2022

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 18ാം , 2021 ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് 58-ാം വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2020-2021, 2021-2022 സാമ്പത്തികവർഷങ്ങളിലെ വാർഷികധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനത്തിൽ 19.10.2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി ലഭ്യമായ വരവുകൾ അവയുടെ ഒടുക്ക്, പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നൽകിയ 13 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായവിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകങ്ങളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| നിർവഹണാധികാരികൾ | | | |
|---|---|---|---|
| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
| ഡോ.പി.എം.മുബാറക് പാഷ | വൈസ് ചാൻസലർ | 19-10-2020 | 31-03-2022 |
| പ്രൊഫ. എസ് വി സുധീർ | പ്രോ വൈസ് ചാൻസലർ | 19-10-2020 | 31-03-2022 |

| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | |
|---|---|
| പേര് | ഉദ്യോഗപ്പേര് |
| **ശ്രീ. ഹബീബ് മുഹമ്മദ്** | ജോയിന്റ് ഡയറക്ടർ<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>എ.പി.ജെ അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല<br>ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം |

| ഓഡിറ്റ് നിർവ്വഹിച്ച ഉദ്യോഗസ്ഥർ | |
|---|---|
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.ശശി ജോഷ്.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാജൻ.വി.ഡി | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| ശ്രീ.ചന്ദ്രപ്രകാശ്. സി | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| ശ്രീ.സുബി എസ് | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| ശ്രീ.എമിൽ റ്റി എബ്രഹാം | സീനിയർ ഗ്രേഡ്ഓഡിറ്റർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | |
|---|---|
| തീയതി (മുതൽ) | തീയതി (വരെ) |
| **03-11-2022** | **03-12-2022** |

## ആമുഖം

വിജ്ഞാനത്തിന്റെ സമസ്തമേഖലകളിലും വിദൂരവിദ്യാഭ്യാസത്തിലൂടെ ഉന്നത വിദ്യാഭ്യാസം ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പ്രദാനം ചെയ്യുന്നതിനായി സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി 2020 സെപ്റ്റംബർ 23 ന് നിലവിൽ വന്നു. യുജിസി നിയമത്തിലെ സെക്ഷൻ 2 (എഫ്) 22 പ്രകാരമുള്ള അംഗീകാരം 2021 ജനുവരി 29 ന് സർവ്വകലാശാലയ്ക്ക് ലഭിച്ചു. യുഗപ്രഭാവനായ ശ്രീനാരായണഗുരുവിന്റെ നാമധേയത്തിൽ സ്ഥാപിതമായ യൂണിവേഴ്സിറ്റി അതിന്റെ വളർച്ചയുടെ പ്രാരംഭദശയിലാണെങ്കിലും സ്ഥാപനത്തിന്റെയും അക്കാദമിക പ്രവർത്തനങ്ങളുടെയും സംഘാടനത്തിൽ നിയമം വിഭാവനം ചെയ്യുന്ന നവീനത പുലർത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

വിദൂരവിദ്യാഭ്യാസത്തിലൂടെ വിജ്ഞാനവിനിമയത്തിനുള്ള ഉപാധികൾ രൂപപ്പെടുത്തുന്നതിനും കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും പൊതു വിദ്യാഭ്യാസ രീതിക്ക് സമാനമായ അക്കാദമികബഹുമതികൾ നൽകുന്നതിനുമുള്ള ഉൾക്കാഴ്ചയോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാനും അധികാര സ്ഥാനങ്ങളും ഉദ്യോഗസ്ഥ സംവിധാനവും സജ്ജമാക്കുവാനും ഒരു സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി സംഘടിപ്പിക്കുവാനും അഞ്ച് ബിരുദകോഴ്സുകൾക്കും രണ്ട് ബിരുദാനന്തര കോഴ്സുകൾക്കുമുള്ള പ്രവേശന നടപടികൾ പൂർത്തീകരിക്കുവാനും സർവ്വകലാശാലയ്ക്ക് കഴിഞ്ഞു വെങ്കിലും ഇ-ഫോർമാറ്റിലുള്ള ബോധന സാമഗ്രികൾ തയ്യാറാക്കൽ, പഠനസ്കൂളുകൾ രൂപീകരിക്കൽ മുതലായ അക്കാദമിക പ്രവർത്തനങ്ങളിലെ ദൗർബല്യങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. ധനഇടപാടുകളിൽ മിതവ്യയത്വവും കാര്യക്ഷമതയും പുലർത്തുവാൻ സർവ്വകലാശാല ശ്രദ്ധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ സവിശേഷമായ ചുവടുവയ്പെന്ന നിലയിൽ സർവകലാശാലയെ നിയമവ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പിന്തുണാസംവിധാനം ഒരുക്കുന്നതിൽ സർക്കാരിന്റെ സമയബന്ധിതമായ പ്രവർത്തനങ്ങൾ അനിവാര്യമാണ്.

29.10.2022 ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 7299/22/ധന പ്രകാരം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തി. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02.11.2022 ലെ ഡി.കെ.എസ്.എ.13/ എസ്റ്റാ.1/2022ാം നമ്പർ ഉത്തരവ് പ്രകാരം കേരള സാങ്കേതിക ശാസ്ത്ര സർവകലാശാല ഓഡിറ്റ് ജോയിന്റ് ഡയറക്ടർക്ക് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് ചുമതല താത്കാലികമായി നൽകി.

സർവകലാശാലയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ധനസഹായത്തിന്റെയും തനത് വരുമാനത്തിന്റെയും കണക്കുകൾ, സർവ്വകലാശാലയുടെ നാളിതുവരെയുള്ള പ്രവർത്തനം എന്നിവ പരിശോധനാവിധേയമാക്കി. മേൽ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് 2020-2021, 2021-2022 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്.

| ഓഡിറ്റ് വിവര സംഗ്രഹം | | |
|---|---|---|
| **ക്രമ നമ്പർ** | **ഓഡിറ്റ് നിരീക്ഷണങ്ങളുടെ സംക്ഷിപ്തം.** | **ഖണ്ഡിക നമ്പർ** |
| **1** | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി 2021-2022 വർഷം 17 വിഷയങ്ങളിൽ സെൽഫ് ലേണിംഗ് മെറ്റീരിയൽ രൂപപ്പെടുത്തിയെങ്കിലും നിലവിൽ അംഗീകാരം ലഭിച്ച കോഴ്സുകൾക്കായി 7 വിഷയമേഖലകളിലെ സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ മാത്രമാണ് ഉപയോഗപ്പെടുത്താനാകുന്നത്. മറ്റു വിഷയ മേഖലകളിലെ കോഴ്സുകൾക്ക് യുജിസി അംഗീകാരം ലഭിച്ചിട്ടില്ല. **പുതിയതായി രൂപീകരിക്കപ്പെട്ട പഠന സ്കൂളുകൾ മുഖേന ഭാവിയിൽ നടപ്പിലാക്കാനാകുന്ന കോഴ്സുകൾ കൂടി പരിഗണിച്ചാലും 14 വിഷയമേഖലകളിൽ തയ്യാറാക്കിയ സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ മാത്രമാണ് ഉപയോഗപ്പെടുത്താൻ കഴിയുന്നത്.** | **1-1** |
| **2** | ആധുനിക സാങ്കേതിക ശാസ്ത്ര വിദ്യകൾ ഉപയോഗിച്ച് ഇ-ഫോർമാറ്റിലുള്ള സാമഗ്രികൾ മുഖേന ബോധനം നൽകണമെന്ന് യൂണിവേഴ്സിറ്റി നിയമത്തിലും വിദൂര വിദ്യാഭ്യാസത്തിലെ ബോധനരീതി സംബന്ധമായ യൂ.ജി.സി വ്യവസ്ഥകളിലും വ്യക്തമാക്കിയിരിക്കെ വിവിധ കോഴ്സുകൾക്കായി യൂണിവേഴ്സിറ്റി തയ്യാറാക്കിയ സ്വയംപഠന സാമഗ്രികൾ അച്ചടിക്കാനുള്ള രൂപത്തിലും html ഫോർമാറ്റിലും മാത്രമാണ് നിലവിൽ തയ്യാറായിട്ടുള്ളത്. ഇതര **ഇ-ഫോർ മാറ്റുകളിൽ ബോധന സാമഗ്രികൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.** | **1-2** |
| **3** | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എട്ട് പഠന സ്കൂളുകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന മറ്റു സ്കൂളുകളും സ്ഥാപിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കെ അഞ്ച് പഠന സ്കൂളുകൾക്ക് മാത്രമാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. **ആക്റ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പഠനസ്കൂളുകൾ ആരംഭിക്കുന്നതിനും അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള മന്ത്രിതല തീരുമാനങ്ങൾക്കനുസൃതമായി സർക്കാർ സംവിധാനങ്ങൾ ജാഗ്രതയോടെ പ്രവർത്തിച്ച് യൂണിവേഴ്സിറ്റിക്ക് പിന്തുണാ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.** | **1-3** |
| **4** | കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന വിദൂര-ഓപ്പൺ വിദ്യാഭ്യാസ കോഴ്സുകൾക്കായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഈ സർവ്വകലാശാലയിലേക്ക് മാറ്റി നിയമിക്കണമെന്ന് നിയമ വ്യവസ്ഥയുണ്ടായിരിക്കെ പ്രസ്തുത ജീവനക്കാരെ മാതൃ സർവ്വകലാശാലകളിൽതന്നെ നിലനിർത്തുകയും ഈ സർവ്വകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വഴി **സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സ്ഥിതി സംജാതമാകുന്നു.** | **1-3** |

| | | |
|---|---|---|
| 5 | യുജിസിയുടെ (ODL) റെഗുലേഷൻ പ്രകാരം 4 പോയിൻറ് സ്കെയിലിൽ 3.01 നു മുകളിലുള്ള സ്കോർ ലഭിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് മാത്രമാണ് ഓപ്പൺ & ഡിസ്റ്റന്റ് ലേണിംഗ് രീതിയിൽ കോഴ്സുകൾ നടത്താൻ അനുമതി ലഭ്യമാകുന്നത്. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് അടുത്ത നാല് വർഷത്തിനുള്ളിൽ NAAC അക്രഡിറ്റേഷന് അപേക്ഷ നൽകേണ്ടതുണ്ട് . NAAC അക്രഡിറ്റേഷനുള്ള ഏഴ് മാനദണ്ഡങ്ങൾക്കനുസൃതമായി യൂണിവേഴ്സിറ്റി നാളിതുവരെ കാഴ്ചവച്ച പ്രവർത്തനങ്ങളിൽ നിലവിൽ തൃപ്തികരമായവയും, ഇനിയും മെച്ചപ്പെടുത്തേണ്ടവയുമുണ്ട്. NAAC **അക്രഡിറ്റേഷൻ ലഭ്യമാകാനുതകുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ സവിശേഷ ശ്രദ്ധയുണ്ടാകേണ്ടതാണ്.** | 1-4 |
| 6 | കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്കായി ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ഇന്നവേഷൻ ടെക്നോളജിയും സംയുക്തമായി ആറുമാസം ദൈർഘ്യമുള്ള "അധികാര വികേന്ദ്രീകരണവും പ്രാദേശിക സ്വയംഭരണ നിർവഹണവും" എന്ന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തി. **യൂണിവേഴ്സിറ്റി പ്രവർത്തനമാരംഭിച്ച് ഏറെ നാളുകൾക്കുള്ളിൽ ലക്ഷ്യാനുസാരിയും വരുമാനദായകവുമായ കോഴ്സ് സംഘടിപ്പിച്ച അധികാരികൾ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു .** | 1-5 |
| 7 | സർവ്വകലാശാലയ്ക്ക് 23.09.2020 പ്രാബല്യ തീയതിയിൽ യു.ജി.സി അംഗീകാരം ലഭ്യമായെങ്കിലും സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കിയിട്ടില്ല. സർവ്വകലാശാലയുടെ വ്യവസ്ഥാപിതമായ അക്കാദമിക -ഭരണനിർവഹണ സംവിധാനങ്ങളുടെ സുഗമവും സുതാര്യവുമായ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന **സ്റ്റാറ്റ്യൂട്ടുകൾ രൂപപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .** | 1-6 |
| 8 | സർവകലാശാലയിലെ ധനകാര്യ മാനേജ്മെന്റിന്റെ കാര്യക്ഷമത ശക്തമായ ആഭ്യന്തര ഓഡിറ്റ് സംവിധാനത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ സർവകലാശാലയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിയന്ത്രണവും ഏകോപനവും ഉറപ്പുവരുത്തുംവിധം **ആഭ്യന്തര ഓഡിറ്റ് സംവിധാനം രൂപീകരിക്കേണ്ടതാണ്.** | 1-7 |
| 9 | 2020-2021, 2021-2022 വർഷങ്ങളിൽ ആസ്തികൾ ആർജ്ജിക്കുന്നതിലേക്ക് ഗണനീയമായ തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആർജ്ജിച്ച ആസ്തികളുടെ യഥാർത്ഥ മൂല്യം നിർണ്ണയിച്ചും മേൽ സൂചക വർഷങ്ങളിൽ ലഭ്യമായ സർക്കാർ ഗ്രാന്റുകളിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത തുകയെ ബാധ്യതയായി നിർണ്ണയിച്ചും അക്കൗണ്ട് ചെയ്യുകയോ **ആസ്തി രജിസ്റ്റർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.** | 1-9 |

| ഉള്ളടക്കം | |
|---|---|
| ക്രമ നം | വിഷയം |
| I | **ഓഡിറ്റ് ഖണ്ഡികകൾ** |
| 1 | ബോധനസാമഗ്രികൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല. |
| 2 | പഠന സ്കൂൾ ബോർഡും ഇ-മെറ്റീരിയലുകളും - നടപടികൾ സ്വീകരിക്കണം. |
| 3 | പിന്തുണാ സംവിധാനങ്ങൾ ഒരുക്കൽ - സർക്കാർ നടപടികൾ അനിവാര്യം. |
| 4 | NAAC അക്രഡിറ്റേഷൻ നിലവാരത്തിലുള്ള പ്രവർത്തന മികവ് ആർജ്ജിക്കണം. |
| 5 | സർവ്വകലാശാലയുടെ പ്രഥമ സർട്ടിഫിക്കറ്റ് കോഴ്സ്- അഭിനന്ദനാർഹം. |
| 6 | സ്റ്റാറ്റ്യൂട്ടുകൾ രൂപീകരണ നടപടികൾ ത്വരിതപ്പെടുത്തണം. |
| 7 | സർവ്വകലാശാലയിൽ ഇന്റേർണൽ ഓഡിറ്റ് സംവിധാനം അനിവാര്യം. |
| 8 | സി.ഐ.ക്യു.എ. - നടപടികൾ കാര്യക്ഷമമാക്കണം. |
| 9 | ധന ഇടപാടുകളും കണക്കുകളുടെ സൂക്ഷിപ്പും. |
| 10 | ഓപ്പൺ യൂണിവേഴ്സിറ്റി കേരളത്തിലെ സാഹചര്യങ്ങളും സാധ്യതകളും. |
| II | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. |
| 2 | സാമ്പത്തിക നില. |
| 3 | ഓഡിറ്റ് ചാർജ്ജ്. |
| 4 | ഓഡിറ്റ് പ്രത്യവലോകനം. |
| V | **അനുബന്ധങ്ങൾ** |
| 1 | 2020-2021, 2021-2022 വർഷങ്ങളിലെ വാർഷികധനകാര്യപത്രിക. |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ. |
| 3 | ബജറ്റ്. |
| 4 | ഗ്രാന്റുകളും വിനിയോഗ വിവരങ്ങളും. |
| 5 | തനത് വരുമാനം. |
| 6 | അധികാര സ്ഥാനങ്ങളും ഭരണ സംവിധാനവും. |
| 7 | കണ്ടന്റ് റൈറ്റേഴ്സ്, വർക്ക് സ്റ്റേഷൻ, കോ-ഓർഡിനേറ്റേഴ്സ് ചെലവ് വിവരങ്ങൾ. |
| 8 | തസ്തികകളും നിയമനവും. |
| 9 | ഓഡിറ്റ് സാക്ഷ്യ പത്രം. |

| ഓഡിറ്റ് ഖണ്ഡികകൾ | |
|---|---|
| | |
| 1 | **ബോധനസാമഗ്രികൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല.** |


പഠന കോഴ്സുകളുടെ ബോധനത്തിനാവശ്യമായ ഉപാധികൾ ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ മുഖാന്തരം ഏർപ്പെടുത്തണമെന്ന് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ് - 5 (III), 6 (x) വകുപ്പുകളിലും ഇ- മോഡ്യൂളുകളും സെൽഫ് ലേണിംഗ് മെറ്റീരിയലുകളും രൂപപ്പെടുത്തണമെന്ന് യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ വിദൂവിദ്യാഭ്യാസത്തിലെ ബോധന രീതി സംബന്ധമായ എഫ് 1-1/2020 (DEB-I) തീയതി 04.09.2020 ലെ നോട്ടിഫിക്കേഷൻ പാർട്ട് I – 2 (j), (zc), (zd) അനക്ച്ചർ (VI) ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും രൂപപ്പെടുത്തിയ ബോധന സാമഗ്രികൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും നിലവിൽ കഴിഞ്ഞിട്ടില്ല.

ശ്രീനാരായണഗുരു യൂണിവേഴ്സിറ്റി പ്രഥമ വൈസ് ചാൻസിലർ ബഹു. ഡോ. മുബാറക് പാഷ വികസിപ്പിച്ചെടുത്ത "ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് ഫോർ സെൽഫ് ലേണിംഗ് മെറ്റീരിയൽ" എന്ന നയരേഖയെ ആധാരമാക്കി സെൽഫ് ലേണിംഗ് മെറ്റീരിയൽ രൂപപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും സിൻഡിക്കേറ്റിന്റെ 01-03-2021 പ്രഥമ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടന്റ് റൈറ്റേഴ്സിനെ തെരഞ്ഞെടുത്ത് കൊല്ലം ഫാത്തിമാ മാതാ നാഷൽ കോളജിലും കോഴിക്കോട് ഫറൂഖ് കോളജിലും വർക്ക് സ്റ്റേഷനുകൾ സ്ഥാപിച്ച് 17 വിഷയങ്ങൾക്കായി കണ്ടന്റ് റൈറ്റേഴ്സിന് 1,18,02,638 രൂപയും വർക്ക് സ്റ്റേഷനും, വർക്ക് സ്റ്റേഷൻ കോ-ഓർഡിനേറ്റേഴ്സിനുമായി 5,95,805 രൂപയും ഉൾപ്പെടെ 1,23,98,443 രൂപ ചെലവഴിച്ച് സെൽഫ് ലേണിംഗ് മെറ്റീരിയൽസ് തയ്യാറാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 7 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ വിഷയമേഖലകളിൽ കണ്ടന്റ് റൈറ്റേഴ്സിന് 2021-2022 വർഷം നൽകിയ തുകയുടെയും രൂപപ്പെടുത്തിയ സ്വയംപഠന സാമഗ്രികൾ ഉപയുക്തമാക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു

## വിഷയ മേഖലകൾക്ക് ചെലവഴിച്ച തുക

| ക്രമ നമ്പർ | വിഷയം | അനുവദിച്ച തുക |
|---|---|---|
| 1 | ഇംഗ്ലീഷ് | 1071887 |
| 2 | മലയാളം | 1041801 |
| 3 | ഹിന്ദി | 282631 |
| 4 | അറബിക് | 134637 |
| 5 | മാനേജ്മെന്റ് സ്റ്റഡീസ് | 432927 |
| 6 | പൊളിറ്റിക്കൽസയൻസ് | 307921 |
| 7 | ഹിസ്റ്ററി | 610190 |
| 8 | കമ്പ്യൂട്ടർ സയൻസ് | 950858 |
| 9 | മാത്തമാറ്റിക്സ് | 1042557 |
| 10 | സംസ്കൃതം | 687217 |
| 11 | ആന്ത്രപ്പോളജി | 242336 |
| 12 | കൊമേഴ്സ് | 832497 |
| 13 | ജേർണലിസം | 756017 |
| 14 | സോഷ്യോളജി | 673351 |
| 15 | ഇക്കണോമികസ് | 576166 |
| 16 | ഫിസിക്സ് | 816478 |
| 17 | കെമിസ്ട്രി | 1343167 |
| | ആകെ | **1,18,02,638** |

## സ്വയംപഠന സാമഗ്രികളുടെ വികസനവും ഉപയോഗവും



17 വിഷയങ്ങളിൽ സെൽഫ് ലേണിംഗ് മെറ്റീരിയൽ രൂപപ്പെടുത്തിയിട്ടുണ്ടെങ്കിലും യൂണിവേഴ്സിറ്റിക്ക് അനുമതി ലഭിച്ച കോഴ്സുകളുടെ സിലബസ് പരിഗണിക്കുമ്പോൾ 7 വിഷയമേഖലകളിലെ സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ മാത്രമാണ് നിലവിൽ ഉപയോഗപ്പെടുത്താനാകുന്നത്. പുതിയതായി രൂപീകരിക്കപ്പെട്ട പഠന സ്കൂളുകളുകൾ കൂടി പരിഗണിക്കുമ്പോൾ തയ്യാറാക്കിയ സെൽഫ് ലേണിംഗ് മെറ്റീരിയലുകളിൽ 14 വിഷയമേഖലകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. യുജിസി മാനദണ്ഡങ്ങൾ പാലിച്ച് മേധാവികളെ നിയമിച്ച് പഠന സ്കൂളുകൾ ആരംഭിച്ചിട്ടില്ലാത്തതിനാലാണ് ശാസ്ത്ര വിഷയങ്ങളിൽ രൂപപ്പെടുത്തിയ പഠന സാമഗ്രികൾ ഉപയോഗപ്പെടുത്തുവാൻ കഴിയാതെ വരുന്നത്. ആക്റ്റ് വിഭാവനം ചെയ്യുന്ന എല്ലാ പഠന സ്കൂളുകളും ആരംഭിക്കുന്നതിനും ബിരുദ-ബിരുദാനന്തര കോഴ്സുകൾ സംഘടിപ്പിക്കുന്നതിന്റെയും സെൽ ലേണിംഗ് മെറ്റീരിയലുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| 2 | **പഠന സ്കൂൾ ബോർഡും ഇ-മെറ്റീരിയലുകളും - നടപടികൾ സ്വീകരിക്കണം** |
|---|---|

സർവ്വകലാശാലയില അക്കാദമിക പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പഠന സ്കൂൾ ബോർഡ് രൂപീകരിക്കണമെന്നും വിദൂര വിദ്യാഭ്യാസ ബോധന സാമഗ്രികൾ ഇ-ഫോർമാറ്റിൽ ലഭ്യമാക്കണമെന്നും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലും ഇ-ഫോർമാറ്റിലുള്ള കോഴ്സ് മെറ്റീരിയലുകൾ രൂപപ്പെടുത്തണമെന്ന് യൂ.ജി.സിയുടെ വിദൂര വിദ്യാഭ്യാസ ബോധന രീതി സംബന്ധമായ നോട്ടിഫിക്കേഷനിലും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള പഠന സ്കൂൾ ബോർഡുകൾ രൂപീകരിക്കുന്നതിലും ഇ-ഫോർമാറ്റിൽ ബോധന സാമഗ്രികൾ ലഭ്യമാക്കുന്നതിലും കാലതാമസം നേരിടുന്നു.

യൂണിവേഴ്സിറ്റിയിലെ അക്കാദമിക പ്രവർത്തനങ്ങൾ സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിയമവ്യവസ്ഥകൾ | | | യൂണിവേഴ്സിറ്റി സ്വീകരിച്ച നടപടികൾ |
|---|---|---|---|
| പഠന സ്കൂൾ ബോർഡ് | സ്വയം പഠന സാമഗ്രികൾ | | |
| | യു ജി സി വ്യവസ്ഥകൾ | യൂണിവേഴ്സിറ്റി നിയമം | |
| • ഓരോ പഠന സ്കൂളിനും ഒരു പഠന സ്കൂൾ ബോർഡ് ഉണ്ടായിരിക്കണം (വകുപ്പ് 42)<br>• പഠന കോഴ്സുകളുടെ സിലബസ്, പഠന സാമഗ്രികൾ, ബോധന രീതി, ചോദ്യപ്പേപ്പർ മാതൃക, മൂല്യ നിർണ്ണയരീതി എന്നിവയുൾപ്പെടെയുള്ള അക്കാദമികവും ഭരണ പരവുമായ എല്ലാ കാര്യങ്ങളും സംബന്ധിച്ച് പഠന സ്കൂൾ ബോർഡ് അക്കാദമിക് കൗൺസിലിന് ശിപാർശ നൽകണം (വകുപ്പ് 45) | • ഇ-ഫോർമാറ്റിലുള്ള കോഴ്സ് മെറ്റീരിയലുകൾ രൂപപ്പെടുത്തണം.<br>• "സെൽഫ് ലേണിംഗ് മെറ്റീരിയൽ" എന്നാൽ ബോധനത്തിനായി നൽകുന്ന ടെസ്റ്റ് ബുക്കുകൾക്കോ ഗൈഡുകൾക്കോ ഉപരിയായി സ്വയം വിശദീകരണക്ഷമവും സ്വയം പഠനത്തിനും വിശകലനത്തിനും സഹായകരവുമായ കോഴ്സ് മെറ്റീരിയലുകൾ ആയിരിക്കണം. അവ പ്രിന്റ് രൂപത്തിലോ ഇ-ഫോർമാറ്റിലോ ആയിരിക്കണം. { ( യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ നോട്ടിഫിക്കേഷൻ നമ്പർ എഫ് 1-1/2020 (DEB-I) തീയതി 04.09.2020 ലെ പാർട്ട് I – 2 (j), (zc), (zd) 13 (B) അനക്ചർ (VI) } | • ആധുനിക സാങ്കേതിക ശാസ്ത്ര വിദ്യകൾ ഉപയോഗിച്ച് ഓൺ ലൈൻ വെബ്കാസ്റ്റിംഗ്, ബ്രോഡ്കാസ്റ്റിംഗ്, ടെലി കാസ്റ്റിംഗ്, വീഡിയോ കോൺഫറൻസിംഗ് എന്നീ സമ്പ്രദായങ്ങളിലൂടെയും തപാൽ അല്ലെങ്കിൽ ഇ-മെയിൽ മുഖേനയുള്ള പഠന സാമഗ്രികൾ സെമിനാറുകൾ, ചർ ച്ചകൾ, സമ്പർക്ക ക്ലാസുകൾ, വെബിനാറുകൾ എന്നിവയിലൂടെയും വിവധ പഠനകോഴ്സുകൾക്ക് ബോധനംനൽകുക. (സെക്ഷൻ 5 (iii)) | • അക്കാദമിക് ഫ്രെയിം വർക്ക് രൂപീകരണം.<br>• അക്കാദമിക് കമ്മിറ്റികളുടെ രൂപീകരണം.<br>• കണ്ടന്റ് റൈറ്റിംഗിനുള്ള നയരേഖ രൂപീകരണം<br>• സെൽഫ് . ലേണിംഗ് മെറ്റീരിയൽ തയ്യാറാക്കൽ.<br>• സെൽഫ് ലേണിംഗ് മെറ്റീരിയൽ അച്ചടിക്കല്.<br>• സെൽഫ് ലേണിംഗ് മെറ്റീരിയൽ html ഫോർമാറ്റ് തയ്യാറാക്കൽ. |

ബിരുദ ബിരുദാനന്തര കോഴ്സുകൾക്കുള്ള പ്രവേശന നടപടികൾ പൂർത്തിയായ സാഹചര്യത്തിൽ തുടർന്നുള്ള അക്കാദമിക പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്നതിലേക്ക് പഠന സ്കൂൾ ബോർഡ് രൂപീകരിക്കുന്നതിനും ഇ-ഫോർമാറ്റിൽ ബോധന സാമഗ്രികൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3 പിന്തുണാ സംവിധാനങ്ങൾ ഒരുക്കൽ – സർക്കാർ നടപടികൾ അനിവാര്യം

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ് 41 (2) വകുപ്പ് പ്രകാരം എട്ട് പഠന സ്കൂളുകൾകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന മറ്റു സ്കൂളുകളും സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കെ അഞ്ച് സ്കൂളുകൾക്ക് മാത്രമാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ആക്റ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പഠനസ്കൂളുകൾ ആരംഭിക്കുന്നതിനും അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള മന്ത്രിതല തീരുമാനങ്ങൾ കൈക്കൊണ്ടെങ്കിലും സർക്കാർതല നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വന്നത് മൂലം യൂണിവേഴ്സിറ്റിയുടെ അക്കാദമിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിൽ അഭിലഷണീയമായ പുരോഗതി നേടായാനായില്ല.

| മന്ത്രിതല തീരുമാനം | സർക്കാർതല നടപടികൾ | സർവ്വകലാശാലയുടെ പ്രവർത്തനത്തെ എപ്രകാരം സ്വാധീനിച്ചു |
|---|---|---|
| **ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26.06.2021 ൽ നടന്ന ഓൺലൈൻ യോഗം**<br>1. സർവകലാശാലയ്ക്ക് ആവശ്യമായ അധ്യാപക/അനധ്യാപക തസ്തികൾ മറ്റു സർവ്വകലാശാലകളിൽ നിന്ന് മാറ്റി അനുവദിക്കണം.<br>2. 2021-22 ൽ തന്നെ ക്ലാസുകൾ ആരംഭിക്കുന്ന തരത്തിലുള്ള നടപടികൾ കൈക്കൊള്ളണം. | അധ്യാപക- അനധ്യാപക തസ്തികകളിൽ അന്യത്ര സേവന, കരാർ വ്യവസ്ഥകളിൽ നിയമനം നൽകുന്നതിന് അനുമതി നൽകി. | 1. കോഴ്സുകൾക്കുള്ള യുജിസിയുടെ അംഗീകാരം ലഭിക്കാൻ കാലതാമസം നേരിട്ടു.<br>2. ആദ്യ കോഴ്സുകൾക്കുള്ള അഡ്മിഷൻ നടപടികൾ 2022-23 ൽ പൂർത്തിയാക്കി. |
| **ബഹുമാനപ്പെട്ട ധനമന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെയും അധ്യക്ഷതയിൽ 08.09.2021 നടന്ന ഓൺലൈൻയോഗം**<br>നിർബന്ധമായും സൃഷ്ടിക്കേണ്ട കുറഞ്ഞ എണ്ണം അധ്യാപക തസ്തികൾ സ്ഥിരം തസ്തികളായി സൃഷ്ടിക്കണം | സ്ഥിരതസ്തിക നിയമനം നടപ്പായില്ല. | 1. പഠന സ്കൂൾ മേധാവികളുടെ അഭാവം നിമിത്തം കോഴ്സുകൾക്ക് 2021 -22 യുജിസി അംഗീകാരം ലഭ്യമായില്ല. 12 ബിരുദ കോഴ്സുകൾക്കും , 5 ബിരുദാനന്തര കോഴ്സുകൾക്കും അംഗീകാരം തേടിയതിൽ 2022-2023 ൽ 5 ബിരുദ കോഴ്സുകൾക്കും 2 ബിരുദാനന്തര കോഴ്സുകൾക്കുംമാത്രം അംഗീകാരം ലഭിച്ചു. |

സർവ്വകലാശാല നിയമം( Act 1 of 2021) 41ാം വകുപ്പ് പ്രകാരം പഠന സ്കൂളുകളിലെ മേധാവികളെ അതത് വിഷയവുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകളാൽ നിർണയിക്കപ്പെടാവുന്ന രീതിയിൽ സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ് എന്ന് അനുശാസിക്കുന്നുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി 2022-23 അക്കാദമിക വർഷത്തിൽ ബിരുദ ബിരുദാനന്തര തലങ്ങളിൽ 17 കോഴ്സുകളുടെ അംഗീകാരത്തിനായി 2022 മെയ് മാസം ഓൺലൈനിൽ യുജിസിക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും കോഴ്സുകൾക്കുള്ള അനുമതി തേടി അപേക്ഷ സമർപ്പിക്കുന്ന വേളയിൽ പഠന സ്കൂൾ മേധാവികളെ യുജിസിയുടെ 2020 ലെ വ്യവസ്ഥാപിത നിർദ്ദേശങ്ങൾക്കനുസൃതമായി (യുജിസി റെഗുലേഷൻസ് സെഷൻ 11 ( Anexure-4) ) നിയമിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ 2022-23 ൽ കേവലം 7 കോഴ്സുകൾക്ക് മാത്രമാണ് യുജിസി അംഗീകാരം ലഭ്യമായത്. യുജിസി റെഗുലേഷനിലെ സ്ഥിര നിയമനം എന്ന വ്യവസ്ഥയ്ക്ക് വ്യത്യസ്തമാംവിധം അന്യത്ര സേവന വ്യവസ്ഥയിൽ പഠന സ്കൂളിലുകളിലെ മേധാവികളെ നിയമിക്കാമെന്ന ഉത്തരവ് 11.11.2021 ൽ മാത്രമാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചുള്ളത് .

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആസ്ഥാനത്തും, ഇതര അക്കാദമിക സ്ഥാപനങ്ങളിലും ആവശ്യമായ തസ്തികൾ സൃഷ്ടിച്ച് അവയ്ക്കുള്ള യോഗ്യതയും , നിയമന രീതിയും, സേവന വ്യവസ്ഥകളും സിൻഡിക്കേറ്റ് സർക്കാരിന്റെ അംഗീകാരത്തോടുകൂടി നിശ്ചിക്കേണ്ടതാണെന്നും കേരള സർവകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ അധികാരപരിധിയിൽ ആയിരുന്ന വിദൂര വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ ഈ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാക്കണമെന്നും തൽഫലമായി പ്രസ്തുത സർവകലാശാലകളിൽ തസ്തിക നഷ്ടപ്പെടാനിടയാകുന്ന റഗുലർ സർവീസിലുള്ള അധ്യാപകർക്കും ജീവനക്കാർക്കും ഈ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കപ്പെടുന്ന വിവിധ കാറ്റഗറികളിലെ സമാന തസ്തികളിലേക്ക് മാതൃ സർവകലാശാലകളിൽ തങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്നതും അനുഭവിച്ചുകൊണ്ടിരുന്നതുമായ സേവന വേതന വ്യവസ്ഥകൾ സംരക്ഷിച്ചുകൊണ്ട് ഓപ്ഷൻ വഴി സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന തീയതി വരെ സ്ഥിരമായി നിയമിക്കപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നതാണെന്നും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമം 47 (1), (2) വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തസ്തിക സൃഷ്ടിക്കലോ പുനർ വിന്യാസമോ സാധ്യമാകാതിരുന്ന സാഹചര്യത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിന്റെ പ്രാബല്യ തീയതി മുതൽ ഒരു വർ ഷക്കാലത്തേയ്ക്ക് യൂണിവേഴ്സിറ്റിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ താൽ

ക്കാലിക തസ്തികകൾ സൃഷ്ടിക്കാനും അങ്ങനെയുള്ള തസ്തികകളിലേക്ക് നിയമനം നടത്താനും സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്ന 48ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥ ഉപയോഗിച്ച് ജീവനക്കാരെ നിയോഗിച്ചാണ് സർവ്വകലാശാല മുന്നോട്ട് പോയത് .

സർവ്വകലാശാല 23-09-2020 ൽ പ്രവർത്തനമാരംഭിച്ചെങ്കിലും 11-11-2021 ലെ സ.ഉ ( കൈ ) നം 516/ 2021 / ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് യൂണിവേഴ്സിറ്റിയിലെ അധ്യാപക- അനധ്യാപക തസ്തികൾ അനുവദിച്ചത്. വിശദവിവരം അനുബന്ധം 8 ആയിചേർക്കുന്നു .


നിലവിൽ 5 ബിരുദ കോഴ്സുകൾക്കും 2 ബിരുദാനന്തര കോഴ്സുകൾക്കും യുജിസി അംഗീകാരം ലഭ്യമായിട്ടുണ്ട് . പ്രസ്തുത കോഴ്സുകൾ കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ 2022-23 വർഷത്തിൽ ആരംഭിച്ചിട്ടില്ല . ഈ സാഹചര്യത്തിൽ മറ്റു സർവ്വകലാശാലകളിൽ നിന്ന് അധ്യാപക-അനധ്യാപക തസ്തികകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

വിദൂര-ഓപ്പൺ വിദ്യാഭ്യാസ കോഴ്സുകൾ നിലവിലുണ്ടായിരുന്ന സർവകലാശാലകളിൽ ആയതിലേക്ക് സൃഷ്ടിക്കപ്പെട്ട അധ്യാപക-അനധ്യാപക തസ്തികകൾ ഈ സർവകലാശാലയിലേക്ക് മാറ്റി നിയമിക്കണമെന്ന നിയമ വ്യവസ്ഥ ഉണ്ടായിരിക്കെ പ്രസ്തുത ജീവനക്കാരെ മാതൃ സർവ്വകലാശാലകളിൽ തന്നെ നിലനിർത്തുക വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സ്ഥിതി സംജാതമാകുന്നു. മേൽ വിഷയം ഭരണനിർവഹണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

യുജിസിയുടെ 29-01-2021 ലെ F.No. 9-17/2020(CPP-1/PO) ഉത്തരവിനനുസൃതമായി ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 23-09-2020 പ്രാബല്യത്തിൽ യുജിസി അംഗീകാരം ലഭിച്ചിട്ടുണ്ട് . 1956-ലെ യുജിസി ആക്ട് സെഷൻ 22 പ്രകാരം കോഴ്സുകൾ ആരംഭിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള അനുമതി ലഭ്യമായിട്ടുണ്ട് . കൂടാതെ സെഷൻ 2 (f ) പ്രകാരം യു.ജി.സി അംഗീകാരം ഉള്ള കോളേജുകളുടെ ലിസ്റ്റിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ട് ( www.ugc.ac.in) . കേന്ദ്ര സർക്കാരിന്റേയും യുജിസിയുടേയും സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാകുന്നതിനായുള്ള വിവിധ പശ്ചാത്തല അക്കാദമിക സംവിധാനങ്ങൾ അടിയന്തിരമായി ഒരുക്കേണ്ടതും 12 (B) സ്റ്റാറ്റസ് നേടിയെടുക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ ഉണ്ടാകേണ്ടതുമാണ് .

| 4. | NAAC അക്രഡിറ്റേഷൻ നിലവാരത്തിലുള്ള പ്രവർത്തന മികവ് ആർജ്ജിക്കണം |
|---|---|

ഓപ്പൺ & ഡിസ്റ്റൻസ് ലേണിംഗ് കോഴ്സുകൾ നടത്തുന്ന സർവകലാശാലകൾ നാഷണൽ അസസ്സ്മെൻറ് & അക്രഡിറ്റേഷൻ കൗൺസിലിന്റെ 4 പോയിൻറ് സ്കെയിലിൽ 3.01 ന് മുകളിൽ സ്കോറോ യൂണിവേഴ്സിറ്റികൾക്കുള്ള നാക് റാങ്കിങ്ങിൽ ആദ്യ 100 നുള്ളിലെ സ്ഥാനമോ നേടിയാൽ മാത്രം അക്രഡിറ്റേഷൻ ലഭിക്കുമെന്ന് യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ ( ഓപ്പൺ ആൻഡ് ഡിസ്റ്റന്റ് ) റെഗുലേഷൻ 2020 പാർട്ട് II (3) ൽ വ്യക്തമാക്കിയിരിക്കുന്നു . പുതുതായി ആരംഭിച്ച യൂണിവേഴ്സിറ്റികൾ അവ പ്രവർത്തനം ആരംഭിച്ചതിനുശേഷം ആറു വർഷം പൂർത്തിയാക്കുകയോ രണ്ട് ബാച്ച് വിദ്യാർഥികൾ ബിരുദം നേടുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കിയാണ് NAAC അക്രഡിറ്റേഷന് അപേക്ഷിക്കാനുള്ള യോഗ്യത നേടുന്നത് . ഈ സാഹചര്യത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി അടുത്ത നാല് വർഷത്തിനുള്ളിൽ നിർബന്ധമായും NAAC അക്രഡിറ്റേഷന് അപേക്ഷ നൽകുകയും കോഴ്സ് നടത്തിപ്പിന് ആവശ്യമായ സ്കോർ നേടുകയും വേണം . NAAC യോഗ്യത നേടുന്നതിനുള്ള ആറ് വർഷക്കാലയളവിൽ ആദ്യത്തെ രണ്ടുവർഷം പൂർത്തിയായ സാഹചര്യത്തിൽ, യൂണിവേഴ്സിറ്റി നിലവിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളും NAAC അക്രഡിറ്റേഷനുള്ള ഏഴ് പ്രധാന മാനദണ്ഡങ്ങളും പരിശോധിച്ചതിൽ ചില മാനദണ്ഡങ്ങളിൽ നിലവിലെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിനും ചിലവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മറ്റു ചിലവ ഇനിയെങ്കിലും ആരംഭിക്കുന്നതിനും നടപടികൾ ഉണ്ടാവേണ്ടതാണെന്ന് വ്യക്തമാകുന്നു. NAAC അക്രഡിറ്റേഷന്റെ ഏഴ് മാനദണ്ഡങ്ങളിൽ സർവ്വകലാശാല ആർജ്ജിച്ച പ്രവർത്തന പുരോഗതിയെ ആധാരമാക്കിനൽകാവുന്ന വെയിറ്റേജ് ചുവടെ ചേർക്കുന്നു.




അവലംബം

i. NAAC അക്രഡിറ്റേഷൻ ഗൈഡ് ലൈൻ
ii. ഓഡിറ്റ് എൻക്വയറി നമ്പർ 11 ന് സർവ്വകലാശാല നൽകിയ മറുപടി

അക്രഡിറ്റേഷനുള്ള ചില മാനദണ്ഡങ്ങളിൽ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പ്രാരംഭദശയിൽത്തന്നെ നിലനിൽക്കുന്നതിനാൽ പ്രവർത്തനങ്ങളിൽ കൂടുതൽ വേഗതയും കൃത്യതയും ആർജ്ജിക്കേണ്ടതിന്റെ ആവശ്യകത വെളിപ്പെടുന്നു. വ്യക്തമായ പദ്ധതിയോടുകൂടി പ്രവർത്തിച്ചാൽ മാത്രമേ നാല് വർഷത്തിനുശേഷം സർവ്വകലാശാല നിലനിൽക്കുകയുള്ളൂ എന്ന വസ്തുത അംഗീകരിച്ചു ഭരണതല നടപടികൾ സ്വീകരിക്കണം. ടീച്ചിംഗ് ലേണിംഗ് ആൻഡ് ഇവാലുവേഷൻ രംഗത്ത് മികച്ച പ്രവർത്തനത്തിന് ആവശ്യമുള്ളയത്ര സ്ഥിരം അധ്യാപകരുടെ സേവനം അത്യന്താപേക്ഷിതമാണ്. സ്റ്റുഡൻസ് സപ്പോർട്ട് ആൻഡ് പ്രോഗ്രഷൻ എന്ന മാനദണ്ഡത്തിൽ സർവ്വകലാശാല നടപ്പാക്കിയ "അഡ്മിഷൻ ഒരു ചായയോടൊപ്പം" എന്ന സമീപനം ശ്ലാഘനീയമാണ് . പ്രവേശന വേളയിൽ സർവ്വകലാശാല നടപ്പിലാക്കിയ കൃത്യമായ ആസൂത്രണം ആദ്യ ബാച്ചിലേക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റിയെ കുറിച്ച് നല്ല വിലയിരുത്തലിനും പ്രതീക്ഷയ്ക്കും വക നൽകിയിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ ആൻഡ് ലേണിംഗ് റിസോഴ്സസ് എന്ന മാനദണ്ഡത്തിൽ സർവകലാശാല ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും ആക്ട് വിഭാവനം ചെയ്യുന്ന ആധുനിക സംവേദന സംവിധാനത്തിലൂടെയുള്ള ബോധനം ആദ്യ ബാച്ച് വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ സർവ്വകലാശാല പ്രതിജ്ഞാബദ്ധമാകേണ്ടതാണ്.

| 5. | **സർവകലാശാലയുടെ പ്രഥമ സർട്ടിഫിക്കറ്റ് കോഴ്സ് -അഭിനന്ദനാർഹം.** |
|---|---|

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (KILA) കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ഇന്നവേഷൻ ടെക്നോളജിയും സംയുക്തമായി ആറുമാസം ദൈർഘ്യമുള്ള "അധികാര വികേന്ദ്രീകരണവും പ്രാദേശിക സ്വയംഭരണ നിർവഹണവും" എന്ന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തി. 3424 ജനപ്രതിനിധികൾ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യുകയും 2117 പേർ പരീക്ഷ എഴുതുകയും 1898 പേർ കോഴ്സ് പാസാകുകയും ചെയ്തിട്ടുണ്ട് . 1111 പേർക്ക് സർട്ടിഫിക്കറ്റ് നൽകി . 2022 മെയ് 31 ജൂൺ 1 തീയതികളിൽ അക്കാദമിക്ക് കോൺക്ലേവും സർട്ടിഫിക്കറ്റുദാനച്ചടങ്ങും സംഘടിപ്പിച്ചു . പ്രസ്തുത കോഴ്സിന്റെ ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് 3,33,300 രൂപ വരവുണ്ട്. ലക്ഷ്യാനുസാരിയും വരുമാനദായകവുമായ കോഴ്സ്, യൂണിവേഴ്സിറ്റി പ്രവർത്തനമാരംഭിച്ച് ഏറെ നാളുകൾ ക്കുള്ളിൽ സംഘടിപ്പിച്ച അധികാരികൾ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു .

| 6 | സ്റ്റാറ്റ്യൂട്ടുകൾ രൂപീകരണ നടപടികൾ ത്വരിതപ്പെടുത്തണം |
|---|---|

സർവകലാശാലയിലെ വിവിധ അധികാര കേന്ദ്രങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതി, ശമ്പളം, സേവന-വേതന വ്യവസ്ഥകൾ അധികാരങ്ങൾ, കർത്തവ്യങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിയതമാക്കുന്നതാണെന്നും ആദ്യ സ്റ്റാറ്റ്യൂട്ട് സർക്കാർ ഉണ്ടാക്കേണ്ടതാണെന്നും തുടർന്നുള്ള സ്റ്റാറ്റ്യൂട്ടുകൾ സിൻഡിക്കേറ്റ് ഉണ്ടാക്കി ആയത് അംഗീകാരത്തിനായി ചാൻസലർക്ക് സമർപ്പിക്കേണ്ടതാണെന്നും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിന്റെ 49, 50 പ്രകാരം വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുണ്ട് . 2020 ൽ നിലവിൽ വന്ന സർവകലാശാലയിൽ നാളിതുവരെ സ്റ്റാറ്റ്യൂട്ടുകൾ രൂപീകരിച്ചിട്ടില്ല. വിവിധ നികായങ്ങളുടെ അധികാര നിർവ്വഹണവും പ്രവർത്തനക്രമവും നിർണ്ണയിച്ച് ആക്റ്റിലെ വ്യവസ്ഥകൾക്കനുരൂപമാം വിധം സ്റ്റാറ്റ്യൂട്ടുകൾ രൂപീകരിക്കേണ്ടതാണ്.

| 7 | സർവകലാശാലയിൽ ഇന്റേണൽ ഓഡിറ്റ് സംവിധാനം അനിവാര്യം |
|---|---|

സർവകലാശാലയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിയന്ത്രണവും ഏകോപനവും ഉറപ്പുവരുത്തുംവിധം ഒരു ആഭ്യന്തര ഓഡിറ്റ് സംവിധാനം രൂപീകരിക്കേണ്ടതാണ്. സർവകലാശാലയിലെ ധനകാര്യമാനേജ്മെന്റ് ശക്തമായ ആഭ്യന്തര ഓഡിറ്റ് സംവിധാനത്തെ ആശ്രയിച്ചിരിക്കുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഇന്റേണൽ ഓഡിറ്റ് സംവിധാനം നാളിതുവരെ ആരംഭിച്ചിട്ടില്ല. ധന ഇടപാടുകൾ നടത്തുന്നതും, രേഖകൾ സൂക്ഷിക്കുന്നതും കണക്കുകൾ തയ്യാറാക്കുന്നതും സർവ്വകലാശാലയിലെ ഫിനാൻസ് വിഭാഗമാണ്. സർവകലാശാലയിൽ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് വിഭാഗം രൂപീകരിച്ച് വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് നൽകാൻ വേണ്ട മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ, ബാധ്യതകളിന്മേലുള്ള തുടർപ്രവർത്തനങ്ങൾ, സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകാനുള്ള വരവിന്റെ കൃത്യതയും ചെലവിന്റെ സാധുതയും ഉറപ്പാക്കൽ തുടങ്ങി വിവിധങ്ങളായ ധനാഗമവിനിയോഗ പ്രവർത്തനങ്ങളുടെ സുതാര്യനിർവ്വഹണത്തിനുള്ള ചാലകശക്തിയായി ആഭ്യന്തരനിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

| | |
|---|---|
| 8 | **സി.ഐ.ക്യൂ.എ (Centre for Internal Quality Assurance) നടപടികൾ കാര്യക്ഷമമാക്കണം** |

സർവ്വകലാശാലയുടെ വിവിധങ്ങളായ അക്കാദമിക - ഭരണതല പ്രവർത്തനങ്ങളുടെ ഗുണപരത ഉറപ്പുവരുത്തുന്നതിൽ CIQA യ്ക്ക് ഗണനീയസ്ഥാനമാണുള്ളത് . ODL( Open & Distance Learning) രീതിയിലുള്ള ബോധന സമ്പ്രദായത്തിൽ CIQA യുടെ പ്രധാനകർത്തവ്യങ്ങൾ സംബന്ധമായി യുജിസിയുടെ 04.09.2020 ലെ റെഗുലേഷൻ പാർട്ട് 3 സെക്ഷൻ 10 അനക്സർ 1 പ്രതിപാദിച്ചിട്ടുള്ള വിവരങ്ങളും യൂണിവേഴ്സിറ്റി നിർവ്വഹിച്ച കർത്തവ്യങ്ങളുംചുവടെ ചേർക്കുന്നു.

| യുജിസിയുടെ റെഗുലേഷൻ പ്രകാരമുള്ള ചുമതലകൾ | നിർവ്വഹിച്ച കർത്തവ്യങ്ങൾ |
|---|---|
| ➢ നിയമവും , റെഗുലേഷനുകളും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. | ➢ സർവ്വകലാശാലയ്ക്ക് യുജിസി അംഗീകാരം ലഭ്യമാകുന്നതിനുള്ള ആധാര രേഖകൾ തയ്യാറാക്കി. |
| ➢ പഠിതാക്കൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾക്കുള്ള ഗുണനിലവാരം കാത്തുസൂക്ഷിക്കുക. | ➢ സി.ഐ.ക്യൂ.എ പോളിസി ഡോക്യുമെന്റ് തയ്യാറാക്കി.<br>➢ ലേണിംഗ് സപ്പോർട്ടിംഗ് സെന്റർ ഓപ്പറേറ്റിംഗ് മാനുവൽ തയ്യറാക്കി. |
| ➢ പഠിതാക്കൾക്ക് സ്വയം ബോധനത്തിനും സ്വയം വിലയിരുത്തലിനും സഹായകമാകും വിധമുള്ള ODL സങ്കേതങ്ങൾ ഉറപ്പാക്കുക. | ➢ സ്വയം ബോധനത്തിനും വിലയിരുത്തലിനും സ്വയം സഹായകമാകുംവിധമുള്ള ഇ-ഫോർ മാറ്റിലുള്ള ODL സങ്കേതങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. |
| ➢ ആനുകാലിക പ്രാധാന്യമുള്ള പ്രോഗ്രാമുകൾ നടപ്പിൽ വരുത്തുകയും പഠിതാക്കൾക്ക് തൊഴിൽ നൈപുണിയും , തൊഴിലവസരങ്ങളും വികസിപ്പിക്കും വിധമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക . | ➢ കാലിക പ്രാധാന്യമുള്ളതും നൈപുണി വികസനത്തിനും തൊഴിൽ ലഭ്യതയ്ക്കുമുതകുന്നതുമായ കോഴ്സുകൾ ആരംഭിക്കേണ്ടതുണ്ട്. |
| ➢ പ്രോഗ്രാം പ്രോജക്ട് റിപ്പോർട്ടുകൾ യുജിസി മാർഗ്ഗരേഖയ്ക്ക് അനുരൂപമാണെന്ന് ഉറപ്പുവരുത്തുക. | ➢ സ്റ്റുഡൻസ് ഹാൻഡ് ബുക്ക്, സ്റ്റഡി പ്രോഗ്രാം എന്നിവ തയ്യാറാക്കി. |
| ➢ സർവ്വകലാശാലയിലെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട Strategic Plan സമയബന്ധിതമായി നിറവേറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. | ➢ അക്കാദമിക ബോഡികളുടെ പുന:സംഘാടനത്തിനും , ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരണത്തിനുമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. |

വിദൂര വിദ്യാഭ്യാസത്തിന്റെ ഗുണപരത ഉറപ്പാക്കുന്നതിലേക്ക് യുജിസി നിഷ്കർഷിച്ചിട്ടുള്ള ചുമതല നിർവ്വഹണത്തിന് സി.ഐ.ക്യൂ.എ വിഭാഗം നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

| 9 | ധന ഇടപാടുകളും കണക്കുകളുടെ സൂക്ഷിപ്പും |
|---|---|

## i. കേരള ട്രഷറി കോഡിൽ വിഭാവനം ചെയ്യുംവിധം ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ നിലവിലില്ല. കേരള ട്രഷറി കോഡ് വാല്യം I Rule 92(a) (I) ൽ വിഭാവനം ചെയ്യുംവിധം ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. ദൈനംദിന നീക്കിയിരുപ്പിന് പുറമെ മാസാന്ത്യ വർഷാന്ത്യ നീക്കിയിരുപ്പ് രേഖപ്പെടുത്തലുകളും ആധികാരികമാക്കി ക്രമീകരിക്കേണ്ടത് ഏതൊരു സ്ഥാപനത്തിന്റെയും ഉത്തമതാല്പര്യത്തിന് അനുപേക്ഷണീയമാണ്.

## ii. യാത്രാബത്ത ചെലവുകളും ബജറ്റ് അലോക്കേഷനും പൊരുത്തപ്പെടുന്നില്ല

വിവിധ കമ്മിറ്റികളിലും ,അക്കാദമിക് യോഗങ്ങളിലും , സെൽഫ് ലേണിങ് മെറ്റീരിയൽ സംബന്ധിച്ച യോഗങ്ങളിലും വിവിധ വർക്ക് ഷോപ്പുകളിലും പങ്കെടുത്ത കമ്മിറ്റി അംഗങ്ങൾക്കും സർവകലാശാലയുടെ ആവശ്യങ്ങൾക്ക് യാത്രകൾ നടത്തിയ ജീവനക്കാർക്കും യാത്രാബത്ത ഇനത്തിലും സിറ്റിംഗ് ഫീസിനത്തിലും ബത്തകൾ നൽകിയിട്ടുണ്ട്. ഇത്തരം ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ചെലവുകൾ<br>ടി.എ/ ഡി എ സിറ്റിംഗ് ഫീ | നോൺ പ്ലാൻ | പ്ലാൻ |
|---|---|---|
| 2020-21 | 336533 | - |
| 2021-22 | 85711 | 2089830 |

ഈ ചെലവുകൾക്ക് 2021 -22 ലെ ബജറ്റ് പ്രകാരം നീക്കിവെച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്ലാൻ | 5,00,000 |
| നോൺ പ്ലാൻ | 3500000 |

2020-21 വർഷം ബജറ്റ് തയാറാക്കിയിട്ടില്ല . 2021-22 ബജറ്റിൽ നീക്കിവെച്ചിരുന്ന പ്ലാൻ ശീർഷകത്തിലെ യാത്രാബത്ത തുക 5,00,000 ആയിരിക്കുമ്പോൾ പ്രസ്തുത ശീർഷകത്തിലുള്ള ഇതേ വർഷത്തെ ചെലവ് തുക 20,89,830 രൂപയാണ്. ബജറ്റ് പരിഗണിച്ച മാത്രം ചെലവുകൾ നടത്തേണ്ടതാണ്. കൂടാതെ വാർഷിക കണക്കുകൾ പ്രകാരം 2021-22 വർഷം പ്ലാൻ, നോൺ-പ്ലാൻ ശീർഷകങ്ങളിലായി ആകെ 21,75,541 രൂപയാണ് ചെലവഴിച്ചിട്ടുള്ളത് . ഈ തുക അഡ്മിനിസ്ട്രേഷൻ, ഫൈനാൻസ്, അക്കാദമിക് സെക്ഷനുകളുടെ വിവിധ ബില്ലുകളായിട്ടാണ് മാറിയിട്ടുള്ളത് . എന്നാൽ ഇത് സംബന്ധിച്ച് ഒരു സെക്ഷനിലും ലെഡ്ജറുകളോ രജിസ്റ്ററുകളോ സൂക്ഷിക്കുന്നില്ല. ബജറ്റിൽ വകയിരുത്തിയതിന് അനുസൃതമായി ചെലവുകൾ ക്രമീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഉതകും വിധം ബില്ലുകളും രജിസ്റ്റുകളും പരിപാലിക്കേണ്ടതാണ്.

## iii. ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

2020-2021, 20201-2022 വർഷങ്ങളിൽ ആസ്തികൾ ആർജ്ജിക്കുന്നതിലേക്ക് ഗണനീയമായ തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആർജ്ജിച്ച ആസ്തികകളുടെ യഥാർത്ഥ മൂല്യം നിർണ്ണയിച്ചും മേൽ സൂചക വർഷങ്ങളിൽ ലഭ്യമായ സർക്കാർ ഗ്രാന്റുകളിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത തുകയെ ബാധ്യതയായി നിർണ്ണയിച്ച് അക്കൗണ്ട് ചെയ്യുകയോ ആസ്തി രജിസ്റ്റർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

## iv. UPS വാങ്ങുന്നതിന് തുക മുൻകൂർ നൽകിയെങ്കിലും നാളിതുവരെ വിതരണം ചെയ്തില്ല

കെൽട്രോണിൽ നിന്നുള്ള 14/03/2022 ലെ പ്രഫോർമാ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ രണ്ട് 1 KVA UPS വാങ്ങുന്നതിന് 24/03/22 ലെ UO.No.363/Ad.A/01/200/SOU പ്രകാരം 46610 രൂപ മുൻകൂർ നൽകിയിരുന്നു . എന്നാൽ നാളിതുവരെ UPS കൾ ലഭിച്ചിട്ടില്ല . ഈ വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം തേടി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.04/22.11.22) UPS കെൽട്രോണിൽ നിന്നും ലഭ്യമായില്ലായെന്നും തുക തിരികെ ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കെൽട്രോണിന് നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## V. ഫർണീച്ചർ വാങ്ങൽ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമാക്കണം.

സർവ്വകലാശാലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് 2020-2021, 2021-2022 വർഷങ്ങളിൽ SIDCO യിൽ നിന്ന് നേരിട്ട് ഫർണീച്ചർ വാങ്ങിയിട്ടുണ്ടെങ്കിലും അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ കൂടാതെയുള്ള ഫർണീച്ചർ വാങ്ങൽ സംബന്ധമായ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ഫർണീച്ചർ വാങ്ങുമ്പോൾ പ്രസ്തുത ഏജൻസികൾക്കായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതും തൽസമയം ബാധകവുമായ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഇനങ്ങളിലും അളവുകളിലുമുള്ള ഫർണിച്ചർ ഉത്തരവിൽ നിശ്ചയിച്ചിരിക്കുന്ന വിലയ്ക്ക് വാങ്ങാമെന്നും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള വാങ്ങൽ രീതികൾ പാലിക്കണമെന്നുമുള്ള വ്യവസ്ഥകളാണ് നിലവിലുള്ളത്. എന്നാൽ SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്നവയായി സർക്കാർ ഉത്തരവിൽ ഉൾ പ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങളാണ് SIDCO നൽകിയ ഇൻവോയ്സിലെ ഇന വിവരങ്ങളും അളവുകളും വിലയും പരിഗണിച്ച് നേരിട്ട് പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്.

യൂണിവേഴ്സിറ്റിയുടെ സമാരംഭ വേളയിൽ ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കേണ്ടതിന്റെയും മുറികൾ സജ്ജമാക്കേണ്ടതിന്റെയും അടിയന്തിര പ്രാധാന്യം പരിഗണിക്കുമ്പോൾ പ്രസ്തുത വാങ്ങലുകൾ ന്യായീകരിക്കത്തക്കതാണെങ്കിലും തുടർ വർഷങ്ങളിലെ വാങ്ങൽ നടപടികൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമാക്കേണ്ടതാണ്.

| 10 | ഓപ്പൺ യൂണിവേഴ്സിറ്റി-കേരളത്തിലെ സാഹചര്യങ്ങളും സാധ്യതകളും |
|---|---|

കേരളത്തിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തിവരുന്നത് കേരള , മഹാത്മാ ഗാന്ധി, കാലിക്കറ്റ് ,കണ്ണൂർ എന്നീ സർവ്വകലാശാലകളായിരുന്നു. പ്രസ്തുത സർവ്വകലാശാലകളിലായി ഏകദേശം ഒരു ലക്ഷത്തോളം വിദ്യാർഥികൾ വിദൂര വിദ്യാഭ്യാസ രീതിയിലും പ്രൈവറ്റ് രജിസ്ട്രേഷനുമായി പ്രതിവർഷം പ്രവേശനം നേടിയിരുന്നു. ഏകദേശം 20 വിഷയങ്ങളിലായി ബിരുദ-ബിരുദാനന്തര കോഴ്സുകളാണ് ഈ യൂണിവേഴ്സിറ്റികളിൽ നടത്തിയിരുന്നത് . വിവിധ ഭാഷാ-മാനവിക വിഷയങ്ങളും സാങ്കേതിക വിഷയങ്ങളിൽ കമ്പ്യൂട്ടർ സയൻസ്, ബിസിനസ് മാനേജ്മെൻറ്, ലൈബ്രറി സയൻസ് എന്നിവയും, ശാസ്ത്ര വിഷയങ്ങളിൽ മാത്തമാറ്റിക്സും മാത്രമാണ് ഈ യൂണിവേഴ്സിറ്റികൾ കൈകാര്യം ചെയ്തിരുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി മാത്രമാണ്

ഔപചാരിക വിദ്യാഭ്യാസ നേടാത്തവർക്ക് ഓപ്പൺ രീതിയിൽ ഡിഗ്രി കോഴ്സ് നടത്തി വന്നിരുന്നത്. F.No.UGC/D7B/UK/THVPRM/KRL/2009 കത്ത് പ്രകാരം യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ ഈ സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ കോഴ്സുകളുടെ അംഗീകാരം 15.07.2015 ൽ റദ്ദാക്കി . ഇതോടെ പ്രസ്തുത സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസ രീതിയിൽ കോഴ്സുകൾ നടത്തുവാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നു. 2017 ൽ യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ ( ഓപ്പൺ ആൻഡ് ഡിസ്റ്റൻറ് ലേണിങ് ) റെഗുലേഷൻ നിലവിൽ വരികയും നാഷണൽ അസസ്മെൻറ് & അക്രഡിറ്റേഷൻ കൗൺസിലിന്റെ 4 പോയിൻറ് സ്കെയിൽ അക്രഡിറ്റേഷനിൽ 3.01 മുകളിൽ സ്കോറോ യൂണിവേഴ്സിറ്റി കാറ്റഗറിയിലെ റാങ്കിങ്ങിൽ ആദ്യ 100 നുള്ളിലെ സ്ഥാനമോ ഉള്ള യൂണിവേഴ്സിറ്റികൾക്ക് മാത്രം ഓപ്പൺ ആൻഡ് ഡിസ്റ്റൻറ് ലേണിങ് കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുകയും ചെയ്യുന്ന സ്ഥിതി സംജാതമായി. പ്രസ്തുത റെഗുലേഷൻ നിലവിൽ വന്ന സമയത്ത് കേരളത്തിലെ യൂണിവേഴ്സിറ്റികൾ NAAC അക്രഡിറ്റേഷനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയ സാഹചര്യമായിരുന്നു. ഇതേത്തുടർന്ന് മഹാത്മാഗാന്ധി സർവകലാശാല വിദൂര വിദ്യാഭ്യാസം നിർത്തലാക്കി പകരം 2017 - 2018 മുതൽ പ്രൈവറ്റ് രജിസ്ട്രേഷൻ മാത്രമാക്കി. യുജിസി റഗുലേഷൻ പ്രകാരം വിദൂരവിദ്യാഭ്യാസം വഴി കോഴ്സുകൾ നടത്താൻ അംഗീകാരം ലഭിക്കുന്ന സർവകലാശാലകൾക്ക് പഠന കേന്ദ്രങ്ങൾ അവയുടെ പ്രവർത്തന പരിധിയിൽ മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ . ആയതിനാൽ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാതെ വന്നാൽ ആ യൂണിവേഴ്സിറ്റിയുടെ പരിധിയിലുള്ള വിദ്യാർത്ഥികൾക്ക് ഇതര യൂണിവേഴ്സിറ്റികളെ ആശ്രയിക്കേണ്ടി വരികയും പഠന കേന്ദ്രങ്ങൾ പലപ്പോഴും സമീപ സ്ഥലങ്ങളിൽ പ്രാപ്യമാകാത്ത സാഹചര്യമുണ്ടാവുകയും ചെയ്തു. ഈ പ്രശ്നത്തിനുകൂടി പരിഹാരമാകുന്നതിലേക്കാണ് സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയുള്ള ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽ വരുന്നത്. വിദൂര വിദ്യാഭ്യാസ രീതിയിൽ കോഴ്സുകൾ നടത്തിയിരുന്ന 4 സർവകലാശാലകളുടെയും ഓഡിറ്റിംഗ് ചുമതല സംസ്ഥാന ഓഡിറ്റ് വകുപ്പിന് ആയതിനാൽ വിദൂര വിദ്യാഭ്യാസമേഖലയിലെ നേട്ടങ്ങളും കോട്ടങ്ങളും വകുപ്പ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ നടത്തിപ്പിലെ അപാകങ്ങൾ സംബന്ധമായ ശ്രദ്ധേയമായ ഓഡിറ്റ് പരാമർശങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേരള<br>സർവ്വകലാശാല ഓഡിറ്റ് | എസ്എൽഎം പ്രിന്റിംഗ് - സമയബന്ധിതമായി പ്രിൻറ് ചെയ്യുന്നില്ല , സമയബന്ധിതമായി വിതരണം ചെയ്യുന്നില്ല , ആവശ്യത്തിലധികം അച്ചടിച്ച് കെട്ടിക്കിടക്കുന്നു ( റിപ്പോർട്ട് 2018-19 - 1-28) |
| | യുജിസി അംഗീകാരം റദ്ദായി , കുട്ടികൾ പെരുവഴിയിൽ (നോട്ട് - 2016-17 – 2-1) |
| | പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം (റിപ്പോർട്ട് 2016-17 – 1-5) |
| എം.ജി<br>സർവ്വകലാശാല ഓഡിറ്റ് | വിദൂരവിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങുന്നതിനുള്ള അനുമതിക്കായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും യുജിസി അനുമതി ലഭ്യമായില്ല. (റിപ്പോർട്ട് 2019-20 – 3-5) |
| | 5 വർഷം കാലപ്പഴക്കമുള്ള എക്സാമിനേഷൻ മാനുവൽ ഇപ്പോഴും തുടരുന്നു (റിപ്പോർട്ട് 2019-20 – 3-4) |
| കാലിക്കറ്റ്<br>സർവ്വകലാശല ഓഡിറ്റ് | ഡിഗ്രി പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ഡിഗ്രി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല ( നോട്ട് 2019-20 – 3-2) |
| | സ്റ്റഡി മെറ്റീരിയലുകൾ യഥാസമയം അച്ചടി പൂർത്തിയാക്കുന്നില്ല. സ്റ്റഡി മെറ്റീരിയലുകൾ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നു (റിപ്പോർട്ട് 2018-19 – 3-18) |
| | മാർക്ക് രേഖപ്പെടുത്തുന്നതിൽ അശ്രദ്ധ ,ഉത്തരവാദികളായ അധ്യാപകർക്കെതിരെ നടപടി എടുക്കുന്നില്ല ( റിപ്പോർട്ട് 2017-18 – 1-1-6) |
| | ഉത്തരക്കടലാസ് നഷ്ടപ്പെടൽ ,ഉത്തരവാദികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം ( റിപ്പോർട്ട് 2016-17 – 3-34) |
| കണ്ണൂർ<br>സർവ്വകലാശാല ഓഡിറ്റ് | വിദൂരവിദ്യാഭ്യാസം മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ലക്ഷ്യം കൈവരിച്ചില്ല (റിപ്പോർട്ട് 2018-19 – 3-20) |
| | യുജിസി അംഗീകാരം ലഭിക്കാതെ കോഴ്സുകൾ തുടങ്ങാൻ വിജ്ഞാപനം പുറപ്പെടുവിച്ചു (റിപ്പോർട്ട് 2018-19 – 1-16) |
| | പ്രാക്ടിക്കൽ ക്ലാസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സർവകലാശാല ആസ്ഥാനത്ത് ഒരുക്കിയില്ല(റിപ്പോർട്ട് 2016-17 – 3-1-22) |
| | എക്സ്പെർട്ട് കമ്മിറ്റിയുടെ അംഗീകാരം നേടാതെ കോഴ്സുകൾ ആരംഭിച്ചു ( റിപ്പോർട്ട് 2016-17 – 3-1-14) |

വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ നടത്തിപ്പിൽ ഇതര സർവ്വകലാശാലകളിൽ ആവർത്തിച്ച് സംഭവിച്ചിട്ടുള്ള ഇത്തരം പിഴവുകൾ പുതിയ യൂണിവേഴ്സിറ്റിയിൽ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലും അന്തർദേശീയ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി വിവിധ പഠന കോഴ്സുകൾ തയ്യാറാക്കി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പ്രായഭേദമെന്യേ ഏവർക്കും ബോധനം നൽകുകയും സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതികൾ നൽകുക മുതലായവ ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട സർവ്വകലാശാലയിൽ തദനുസൃതമായ ഭരണനിർവ്വഹണ അക്കാദമിക സംവിധാനങ്ങൾ ഒരുക്കുവാൻ സർക്കാർ-യൂണിവേഴ്സിറ്റി തലങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിലേക്കുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ആക്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം എല്ലാ വൈജ്ഞാനിക മേഖലകളിലും ഉന്നത വിദ്യാഭ്യാസം സാധ്യമാക്കാനുതകുന്ന പഠന സ്കൂളുകൾ രൂപീകരിച്ച് യുജിസി റെഗുലേഷനുകൾ വിവക്ഷിക്കും വിധമുള്ള നടപടികൾ കൈക്കൊള്ളുക
- ഇതര സർവകലാശാലകളിൽ നിലവിലുള്ള വിദൂരവിദ്യാഭ്യാസ കോഴ്സുകൾ പൂർണമായും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റുന്നതിനും വരുംകാലത്തിന്റെ ആവശ്യങ്ങൾക്കിണങ്ങുന്ന നവീനതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് 47ാം വകുപ്പ് പ്രകാരം തസ്തികകൾ പുനർവിന്യസിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.
- ഇ-മോഡ്യൂളുകൾ ഉൾപ്പെടെ പഠിതാക്കൾക്ക് കൂടുതൽ സംവേദനക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക.
- സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾക്കുതകുംവിധമായ അക്കാദമിക-ഭരണനിർവഹണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുക.
- സർവകലാശാല നിലവിൽ വിഭാവനം ചെയ്തിട്ടുള്ള തന്ത്ര പ്രധാന ലക്ഷ്യങ്ങളിലെ (Strategic Plan) അടിസ്ഥാന നിർവഹണ സൂചകങ്ങളിൽ (Key Performance Indicators) നിർദ്ദേശിക്കുന്ന രീതിശാസ്ത്രങ്ങൾ അവലംബിച്ച് പരിശീലനങ്ങളും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും, നാട്ടറിവുകളുടെ സംരക്ഷണമുൾപ്പെടെയുള്ള കോഴ്സുകളും ആരംഭിക്കുക.

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| 1. | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
|---|---|

| വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 20.10.2022 | 07-11-2022 മുതൽ<br>10.11.2022 വരെ | സാക്ഷ്യപത്രം ഈ റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| 2. | സാമ്പത്തിക നില |
|---|---|

**2020-2021**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 0 |
| വരവ് | - | 3,00,00,000 |
| ആകെ | - | 3,00,00,000 |
| ചെലവ് | - | 80,81,974 |
| സർക്കാർ തിരിച്ചെടുത്ത തുക | - | 2,09,18,026 |
| നീക്കിയിരിപ്പ്- | - | 10,00,000 |

**2021-2022**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 10,00,000 |
| വരവ് | - | 6,47,43,206 |
| ആകെ | - | 6,57,43,206 |
| ചെലവ് | - | 5,61,65,723 |
| സർക്കാർ തിരിച്ചെടുത്ത തുക | - | 69,39,484 |
| നീക്കിയിരിപ്പ്- | - | 26,37,999 |

| 3. | ഓഡിറ്റ് ചാർജജ് |
|---|---|

## 2020 – 2021

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | 3,00,00,000 |
| കുറയ്ക്കുക | 3,00,00,000 |
| ഓഡിറ്റ് ചാർജ് കണക്കാക്കാൻ പരിഗണിക്കുന്ന തുക | 0 |
| 2020-2021 വർഷത്തെ ഓഡിറ്റ് ചാർജ് @ 1% | 0 |
| മുൻവർഷം അടവാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് | 0 |
| തന്നാണ്ടിൽ ഒടുക്കിയ ഓഡിറ്റ് ചാർജ് | ബാധകമല്ല |
| 31.03.2020 ൽ ഒടുക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് | 0 |

## 2021 – 2022

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | 6,57,43,206 |
| കുറയ്ക്കുക | 6,50,23,378 |
| ഓഡിറ്റ് ചാർജ് കണക്കാക്കാൻ പരിഗണിക്കുന്ന തുക | 7,19,828 |
| 2021-2022 വർഷത്തെ ഓഡിറ്റ് ചാർജ് @ 1% | 7,198 |
| മുൻവർഷം അടവാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് | ഇല്ല |
| 31.03.2023 ൽ ഒടുക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് | 7,198 |

ഓഡിറ്റ് ചാർജ്ജിനത്തിലുള്ള തുക “0070-60-110-99 ഓഡിറ്റ് ചാർജ്ജ്"എന്ന ശീർഷകത്തിൽ അടവാക്കി അസൽ ചെലാൻ ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുത്ത് വിവരം അറിയിക്കേണ്ടതാണ്

| 4. | ഓഡിറ്റ് പ്രത്യവലോകനം |
|---|---|

- (എ) സംക്ഷിപ്ത വിവരം

## 2020 – 2021

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | 3,00,00,000/- |
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ ചെലവ് | 80,81,974/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |

## 2021 – 2022

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | 6,57,43,206/- |
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ ചെലവ് | 5,61,65,723/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |

- (ബി) യൂണിവേഴ്സിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

  ബാധകമല്ല

- (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

  ഇല്ല

- (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

  ഇല്ല

- (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

  ഇല്ല

**ജോയിന്റ് ഡയറക്ടർ**

## അനുബന്ധം 1

## 2020-2021, 2021-2022 വർഷങ്ങളിലെ വരവ് ചെലവ് പത്രിക

## 1. 2020-2021 സാമ്പത്തിക വർഷം

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ഇനം | തുക | ക്രമ നമ്പർ | ഇനം | തുക |
| 1 | സർക്കാർ ഗ്രാന്റ് G.O(Rt) No.1409/2020./H.Edn. Dated 10.11.2020 | 2,00,00,000 | 1 | ഉദ്ഘാടനം | 10,58,408 |
| 2 | സർക്കാർ ഗ്രാന്റ് G.O(Rt) No.189/2021./H.Edn. Dated 02.02..2021 | 1,00,00,000 | 2 | സ്റ്റേഷനറി | 1,44,259 |
| | | | 3 | വാഹനം/ഡീസൽ | 4,53,334 |
| | | | 4 | ഫർണ്ണീച്ചർ | 19,54,028 |
| | | | 5 | അനാമത്ത് | 1,92,114 |
| | | | 6 | യാത്രാബത്ത/ദിനബത്ത | 3,36,533 |
| | | | 7 | ശമ്പളം | 19,76,400 |
| | | | 8 | കണ്ടീജന്റ് ചെലവുകളും നിയമ സഹായവും | 2,32,568 |
| | | | 9 | കമ്പ്യൂട്ടർ | 14,26,030 |
| | | | 10 | പരസ്യം | 3,08,300 |
| | | | | | **80,81,974** |
| | | | **11** | സർക്കാർ തിരിച്ചെടുത്ത തുക | 2,09,18,026 |
| | | | | നീക്കിയിരിപ്പ് | 10,00,000 |
| | | **3,00,00,000** | | | **3,00,00,000** |

## 2. 2021-2022 സാമ്പത്തിക വർഷം

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ഇനം | തുക | ക്രമ നമ്പർ | ഇനം | തുക |
| 1 | മുന്നിരിപ്പ് | 10,00,000 | 1 | ഉപകരണങ്ങൾ വാങ്ങൽ | 13,57,496 |
| 2 | G.O(Rt) No.607/2021./ H.Edn. Dated 19.04.2021 (Plan Salary) | 80,48,378 | 2 | സ്റ്റേഷനറി | 12,27,149 |
| 3 | G.O(Rt) No.607/2021./ H.Edn. Dated 19.04.2021 (Plan -Non Salary) | 1,28,69,648 | 3 | വാഹനവാടക | 12,49,671 |
| 4 | G.O(Rt) No.875/2021./ H.Edn. Dated 02.07.2021 (Plan Salary) | 59,75,000 | 4 | ഫർണ്ണീച്ചർ | 41,53,555 |
| 5 | G.O(Rt) No.875/2021./ H.Edn. Dated 02.07.2021 (Plan Non-Salary) | 85,65,000 | 5 | ഓഫീസ് ചെലവുകൾ/അനാമത്ത് | 1,07,25,427 |
| 6 | G.O(Rt) No.56/2022./ H.Edn. Dated 11.01.2022 (Plan Non-Salary) | 85,65,352 | 6 | യാത്രാബത്ത /ദിനബത്ത | 21,75,541 |
| 7 | G.O(Rt) No.875/2021./H.Edn. Dated 02.07.2022 (Non-Plan Salary) | 2,00,00,000 | 7 | ശമ്പളം | 1,90,85,125 |
| 8 | തനത് ഫണ്ട് വരവ് | 7,19,828 | 8 | കണ്ടീജന്റ് ചെലവുകൾ | 5,34,483 |
| | | | 9 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 11,29,674 |
| | | | 10 | കോമ്പൻസേറ്ററി & മറ്റ് അലവൻസുകൾ | 5,56,900 |
| | | | 11 | ഓണറേറിയം | 1,90,000 |
| | | | 12 | കണ്ടന്റ് റൈറ്റേഴ്സ്-പ്രതിഫലം | 95,09,193 |
| | | | 13 | ലൈബ്രറി ഗ്രന്ഥങ്ങൾ | 7,97,882 |
| | | | 14 | നെറ്റ് കണക്ടിവിറ്റി | 3,43,046 |
| | | | 15 | വാഹനം വാങ്ങൽ | 30,48,752 |

| | | | | | |
|---|---|---|---|---|---|
| | | | 16 | തനത് ഫണ്ട് ചെലവുകൾ | 81,829 |
| | | | | | **5,61,65,723** |
| | | | | **സർക്കാർ തിരിച്ചെടുത്ത തുക** | **69,39,484** |
| | | | | **നീക്കിയിരിപ്പ്** | **26,37,999** |
| | **ആകെ** | **6,57,43,206** | | **ആകെ** | **6,57,43,206** |

## അനുബന്ധം 2

## വാർഷിക കണക്കുകളിലെ അപാകതകൾ

1. **പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കുന്നതിൽ വീഴ്ച –** കാഷ് ബുക്ക്, പാസ് ബുക്ക് എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ വ്യത്യസ്തമായിരിക്കുന്ന സാഹചര്യത്തിൽ തുകകളെ തമ്മിൽ താരതമ്യം ചെയ്ത് വ്യത്യാസത്തിനാധാരമായ ധനയിടപാടുകൾ തിരിച്ചറിഞ്ഞ് ഏതെങ്കിലും ഒരു അക്കൗണ്ട് പുസ്തകത്തിലെ നീക്കിയിരിപ്പിനോട് പ്രസ്തുത ധനയിടപാടുകൾ കൂട്ടുകയോ കിഴിക്കുകയോ ചെയ്ത് അടുത്ത അക്കൗണ്ട് പുസ്തകത്തിലെ നീക്കിയിരിപ്പിലേക്ക് എത്തിക്കുന്നതിന് വേണ്ടിയാണ് പൊരുത്തപ്പെടുത്തൽ പത്രികകൾ തയ്യാറാക്കുന്നത്. എന്നാൽ 2021-2022 മാസാന്ത്യ-വർഷാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തിയപ്പോൾ ഒരേ സമയം കാഷ് ബുക്ക് നീക്കിയിരിപ്പിലും പാസ് ബുക്ക് നീക്കിയിരിപ്പിലും കൂട്ടലും കിഴിക്കലും നടത്തി നീക്കിയിരിപ്പ് നിർണ്ണയിച്ചാണ് പൊരുത്തപ്പെടുത്തൽ പത്രിക (Bank Reconciliation Statement) തയ്യാറാക്കുന്നത്.
2. **പണമാക്കി മാറ്റാത്ത ചെക്കുകൾ വീണ്ടും ചെലവായി രേഖപ്പെടുത്തി.** 2020-2021 ലെ ചെക്കുകൾ നൽകിയതിനെ തുടർന്ന് കാഷ്ബുക്കിൽ ചെലവായി രേഖപ്പെടുത്തിയെങ്കിലും തൻവർഷം ബാങ്കിൽ നിന്ന് പ്രസ്തുത ചെക്കുകൾ പ്രകാരമുള്ള തുകകൾ പിൻവലിച്ചിട്ടില്ലാത്തതിനാൽ പൊരുത്തപ്പെടുത്തൽ പത്രികയിൽ Cheque issued but not presented എന്ന ശീർഷകത്തിൽ 36,16,157 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്കുകൾ 2021-2022 ലെ ആദ്യ മാസങ്ങളിലാണ് പണമായി മാറ്റിയിട്ടുള്ളത്. എന്നാൽ ചെക്കുകൾ പണമാക്കി മാറ്റിയ മാസങ്ങളിലെ പൊരുത്തപ്പെടുത്തൽ പത്രികകളിൽ Cheque issued but not presented എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്ന തുകകളിൽ തദനുസൃത മാറ്റങ്ങൾ വരുത്തുന്നതിന് പകരം പണമാക്കി മാറ്റിയ മാസങ്ങളിൽ വീണ്ടും ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.
3. 2021-2022 ൽ തനത് വരവിനത്തിൽ 7,20,000 രൂപ വരവുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ തനത് വരവായി 7,19,828 മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## അനുബന്ധം 3

## ബജറ്റ്

2020-2021 വർഷം ഇൻഫ്രാ സ്ട്രക്ച്ചർ ഡെവലപ്മെന്റിനായി പ്ലാൻ ഇനത്തിൽ 3,00,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രത്യേകം ബജറ്റ് തയ്യാറാക്കിയിട്ടില്ല. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ് സെക്ഷൻ 57 (1) പ്രകാരമാണ് ബജറ്റ് തയ്യാറാക്കുന്നത്. 2021-2022 വർഷ ബജറ്റും വാർഷിക കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| വർഷം | വരവ് | | ചെലവ് (തുക കോടിയിൽ) | |
|---|---|---|---|---|
| | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്ക് പ്രകാരം | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്ക് പ്രകാരം |
| പാർട്ട് I നോൺ പ്ലാൻ | 19,53,75,000 | 2,00,00,000 | 26,96,90,000 | 1,64,08,401 |
| പാർട്ട് I പ്ലാൻ | 45,00,00,000 | 4,40,23,378 | 52,85,00,000 | 39,675,493 |
| പാർട്ട് III മറ്റുള്ളവ | 0 | 7,19,828 | 0 | 81,829 |

# അനുബന്ധം 4

## വിവിധ ധനസഹായങ്ങളും വിനിയോഗവും

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വരുമാനത്തിന്റെ പ്രധാന ഭാഗം സംസ്ഥാന സർക്കാർ , കേന്ദ്ര സർക്കാർ , യു.ജി.സി , മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നുള്ള ധനസഹായങ്ങളാണ് . എന്നാൽ 2020-21 വർഷത്തിൽ സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായം മാത്രമാണ് ലഭിച്ചത് . ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| | | |
|---|---|---|
| 1. | സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം | ഇല്ല |
| 2. | സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം | 30,000,000 |
| 3. | യു.ജി.സി ധനസഹായം | ഇല്ല |
| 4. | പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം | ഇല്ല |
| 5. | മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം | ഇല്ല |

| നം. | സർക്കാർ ഉത്തരവ് നം./തീയതി | തുക | ട്രഷറി/ ബാങ്ക് |
|---|---|---|---|
| 1. | GO(Rt)No.1409/2020/H.Edn dt.10/11/2020 | 20,000,000 | ജില്ലാ ട്രഷറി കൊല്ലം |
| 2. | GO(Rt)No.189/2021/H.Edn dt.02/02/2021 | 10,000,000 | ജില്ലാ ട്രഷറി കൊല്ലം |
| **ആകെ** | | **30,000,000** | |

2021-2022 വർഷത്തിൽ സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായം ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| | | |
|---|---|---|
| 1. | സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം | 2,00,00,000 |
| 2. | സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം | 4,40,23,378 |
| 3. | യു.ജി.സി ധനസഹായം | ഇല്ല |
| 4. | പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം | ഇല്ല |
| 5. | മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം | ഇല്ല |

| നം. | സർക്കാർ ഉത്തരവ് നം./തീയതി | തുക | ട്രഷറി/ബാങ്ക് |
|---|---|---|---|
| 1. | GO(Rt)No.607/2021/H.Edn dt.19/04/2021 (Plan Salary) | 8048378 | ജില്ലാ ട്രഷറി കൊല്ലം |
| 2. | GO(Rt)No.607/2021/H.Edn dt.19/04/2021 ( Plan Non Salary ) | 12869648 | ജില്ലാ ട്രഷറി കൊല്ലം |
| 3 | GO(Rt)No.875/2021/H.Edn dt.02/07/2021 (Plan Salary) | 5975000 | ജില്ലാ ട്രഷറി കൊല്ലം |
| 4 | GO(Rt)No.875/2021/H.Edn dt.02/07/2021 ( Plan Non Salary ) | 8565000 | ജില്ലാ ട്രഷറി കൊല്ലം |
| 5 | GO(Rt)No.56/2022/H.Edn dt.11/01/2022 ( Plan Non Salary ) | 8565352 | ജില്ലാ ട്രഷറി കൊല്ലം |
| 6 | GO(Rt)No.875/2021/H.Edn dt.02/07/2021 ( Non Plan Salary) | 20000000 | ജില്ലാ ട്രഷറി കൊല്ലം |
| ആകെ | | 64023378 | |

# അനുബന്ധം 5

## തനത് വരുമാനം

2020-2021 കാലയളവിൽ ഈ ഇനത്തിൽ യാതൊരു തുകയും ലഭിച്ചിട്ടില്ല

2021-22 കാലയളവിൽ ഫാക്കൽറ്റി ( അസിസ്റ്റന്റ് പ്രോഫസർ , ഹെഡ് ഓഫ് സ്കൂൾ , CIQA ഡയറക്ടർ ) തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട അപേക്ഷാ ഫീസ് , ലേണിങ്ങ് സപ്പോർട്ട് സെന്റർ നടത്തുന്നതിനുള്ള അപേക്ഷാ ഫീസ് എന്നീ ഇനങ്ങളായി 720000 രൂപ വരവ് ഉണ്ട് .


| ഇനം | തുക |
|---|---|
| ഫാക്കൽറ്റി ( അസിസ്റ്റന്റ് പ്രോഫസർ , ഹെഡ് ഓഫ് സ്കൂൾ , CIQA ഡയറക്ടർ ) തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട അപേക്ഷാ ഫീസ് , | 4,75,000 |
| ലേണിങ്ങ് സപ്പോർട്ട് സെന്റർ നടത്തുന്നതിനുള്ള അപേക്ഷാ ഫീസ് | 2,45,000 |
| **ആകെ** | ***7,20,000** |

*****2021-2022 ൽ തനത് വരവിനത്തിൽ 7,20,000 രൂപ വരവുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ തനത് വരവായി 7,19,828 മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## അനുബന്ധം 6

## സർവകലാശാലയുടെ അധികാരസ്ഥാനങ്ങളും ഭരണസംവിധാനവും



# അനുബന്ധം 7

## കണ്ടന്റ് റൈറ്റേഴ്സിനും വർക്ക് സ്റ്റേഷനും കോ-ഓർഡിനേറ്റേഴ്സിനുമുള്ള ചെലവ് വിവരങ്ങൾ

### 1. കണ്ടന്റ് റൈറ്റേഴ്സ് പഴയ നയരേഖ

| ക്രമ നമ്പർ | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ/തീയതി | വർക്ക് ഷോപ്പ് തീയതി | അനുവദിച്ച തുക | | | വൗച്ചർ നമ്പർ /തീയതി | ചെക്ക് നമ്പർ /തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|
| | | | കൊല്ലം | കോഴിക്കോട് | ആകെ | | | |
| 1 | 104/ Fin2/1/2021/SOU Dated 09/04/2021 | 15/03/2021 31/03/2021 (കൊല്ലം) 18/03/2021 31/03/2021 | 1381920 | 524330 | 1906250 | 12/ 23.04. 2021 | XY- 6788548/ 30.03.2021 | |
| 2 | 344/ ACA1/1/2022/ SOU Dated 19.03.2022 | June , July 2021 | 100000 | 100000 | 200000 | 546/ 21.03. 2022 | XY- 6324524/ 21.03.2022 | വർക്ക് സ്റ്റേഷൻ കോ-ഓർ ഡിനേറ്റർമാരുടെ 2021 ജൂൺ, ജൂലൈ മാസങ്ങളിലെ പ്രതിഫലം |
| 3 | 764/ ACA1/1/2021/ SOU Dated 30.11.2021 | 01/05/2021 04.06.2021 | 130064 | 0 | 130064 | 351/ 02.12. 2021 | XY- 6318867/ 02.12/2021 | |
| 4 | 481/ ACA1/1/2021/ SOU Dated 06.09.2021 | 01/05/2021 04.06.2021 | | 36581 | 36581 | 202/07. 09.2021 | XY- 6339534/ 07.09.2021 | |
| 5 | 303/ ACA1/1/2021/ SOU Dated 26.07.2021 | 01/05/2021 04.06.2021 | 1785624 | 127355 | 1912979 | 109/ 26.07. 2021 | XY 6339151/ 26.07.2021 | |
| 6 | 288/ ACA1/1/2021/ SOU Dated 14.07.2021 | 01/05/2021 04.06.2021 | 0 | 1371097 | 1371097 | 78/ 14.07. 2021 | XY- 6339119/ 14.07.2021 | |
| 7 | 270/ ACA1/1/2021/ SOU Dated 06.07.2021 | May 2021 | 0 | 0 | 472500 | 75/ 07.07. 2021 | XY- 6339116/ 07.07.2021 | പ്രോഗ്രാം സ്പെസിഫിക് കോ-ഓർ ഡിനേറ്റേഴ്സിന്റെ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | മേയ് മാസത്തെ പ്രതിഫലം. |
| 8 | 247/ ACA1/1/2021/ SOU Dated 28.06.2021 | | 0 | 0 | 1138934 | 67/ 29.06. 2021 | XY-6339107/ 29.06.2021 | വർക്ക് സ്റ്റേഷൻ കോ-ഓർ ഡിനേറ്റർ (മേയ് 21) പാർട്ട്ണർ ഇൻസ്റ്റിറ്റ്യൂഷൻ, പ്രിൻസിപ്പൽ പാർട്ട്ണർ ഇൻ സ്റ്റിറ്റ്യൂഷൻ പ്രതിഫലം (മേയ് 21) സി.ഡബ്ല്യു-ഇ.ഒ.ടി കോഴിക്കോട് (മാർച്ച്) പ്രതിഫലം, പ്രോഗ്രാം സ്പെസിഫിക് കോ-ഓർ ഡിനേറ്റേഴ്സ്, (മാർ ച്ച്, ഏപ്രിൽ, മേയ്) കൊല്ലം പ്രതിഫലം |
| 9 | 169/ ACA1/1/2021/ SOU Dated 07.05.2021 | 01.04.21. 30.04.2021 | | | 4803318 | 41/ 07.05. 2021 | XY-6788583/ 07.05.2021 | |
| | | | | | **1,19,71,723** | | | |

## 2. കണ്ടന്റ് റൈറ്റേഴ്സ് പുതിയ നയരേഖ

| ക്രമ നമ്പർ | യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ/തീയതി | കാലയളവ് | തുക | വൗച്ചർ നമ്പർ /തീയതി | ചെക്ക് നമ്പര് / തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | 400/ ACA1/1/2022/ SOU Dated 11.04.2022 | 07.06.2021 TO 31.12.2021 | 319200 | | | 2021-2022 വർഷം നൽകിയ തുക |

| | | | | | | |
|---|---|---|---|---|---|---|
| 2 | 399/ ACA1/1/2022/ SOU Dated 11.04.2022 | 07.06.2021 TO 31.12.2021 | 403200 | | | |
| 3 | 345/ ACA1/1/2022/ SOU Dated 19.03.2022 | 07.06.2021 TO 31.12.2021 | 159600 | 545/ 21.03.2022 | XY/ 6324523 / 21.03.2022 | മലയാളം കണ്ടന്റ് റൈറ്റേഴ്സിന് മാത്രം നൽകിയ തുക |
| 4 | 902/ ACA1/1/2022/ SOU Dated 05.01.2022 | 07.06.2021 TO 30.10.2021 | 267120 | 439/07.01.2022 | XY/ 6324227 / 07.01.2022 | |

| വർക്ക് സ്റ്റേഷനും വർക്ക് സ്റ്റേഷൻ കോഓർഡിനേറ്റേഴ്സിനും നൽകിയ പ്രതിഫലം | | | | | |
|---|---|---|---|---|---|
| 1 | ഡോ.ഐ.ജി.ഷിബി. | 100000 | 43548 | 75806 | 219354 |
| 2 | ഫാത്തിമ മാതാ നാഷണൽ കോളജ് | | 6774 | 45484 | 52258 |
| 3 | പ്രിൻസിപ്പാൾ, ഫാത്തിമ മാതാ നാഷണൽ കോളജ് | | 3387 | 22742 | 26129 |
| 4 | ഡോ.എൻ.രാജേന്ദ്രൻ | 100000 | 51667 | 70914 | 222581 |
| 5 | ഫറൂഖ് കോളജ് | | 6774 | 43548 | 50322 |
| 6 | പ്രിൻസിപ്പാൾ, ഫറൂഖ് കോളജ് | | 3387 | 21774 | 25161 |
| | | | | | 595805 |

# അനുബന്ധം 8

## തസ്തികകളും നിയമന വിവരങ്ങളും

| തസ്തിക | സർക്കാർ അംഗീകാരമുള്ള തസ്തികൾ | നിലവിലുള്ള തസ്തികൾ | തസ്തികയുടെ സ്വഭാവം |
|---|---|---|---|
| ഡയറക്ടർ , പ്രാദേശികകേന്ദ്രം | 4 | 4 | അന്യത്ര സേവന വ്യവസ്ഥ |
| പഠന സ്കൂൾ മേധാവി | 5 | 5 | അന്യത്ര സേവനവ്യവസ്ഥ-3 കരാർ- 2 |
| അസിസ്റ്റന്റ് പ്രൊഫസർ | 46 | 44 | കരാർ |
| ഡയറക്ടർ , CIQA | 1 | 1 | അന്യത്ര സേവന വ്യവസ്ഥ |
| ഡെപ്യൂട്ടി രജിസ്റ്റാർ | 5 | 5 | കരാർ |
| അസിസ്റ്റന്റ്  രജിസ്റ്റാര് | 5 | 5 | കരാർ |
| സെഷൻ ഓഫീസർ | 4 | 4 | കരാർ |
| അസിസ്റ്റന്റ് | 14 | 13 | കരാർ |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 10 | 8 | കരാർ |
| ഓഫീസ് അറ്റൻഡന്റ് | 13 | 10 | ദിവസ വേതനം |
| ഐ റ്റി സിസ്റ്റം മാനേജർ | 1 | 1 | കരാർ |
| വെർച്ച്വൽ പ്രോഗ്രം മാനേജർ | 1 | ഒഴിവ് | - |
| PRO | 1 | 1 | കരാർ |
| ലൈബ്രേറിയൻ | 1 | 1 | കരാർ |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 2 | 2 | കരാർ |
| സെക്യൂരിറ്റി | 5 | 4 | കരാർ |

| അനുബന്ധം 9 |
| --- |
| ഓഡിറ്റ് സാക്ഷ്യപത്രം |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 2021 ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ് 58 (3), (5) വകുപ്പുകളും 29.10.2022 ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 7299/22/ധന ഉത്തരവും പ്രകാരം വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് 2020-2021, 2021-2022 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2020-2021, 2021-2022 -ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ജോയിന്റ് ഡയറക്ടർ.**